# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6625 — 09.07.2014-ൽ മറുപടിക്ക്

### സങ്കേതം ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>,, എ. റ്റി. ജോർജ്ജ്:<br>,, എ. പി. അബ്ദുള്ളക്കുട്ടി:<br>,, ബെന്നി ബെഹനാൻ: | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) | |
| (എ) | സങ്കേതം ഭവന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ; | (എ) | 2012 വർഷത്തെ ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച സങ്കേതം ഭവന പദ്ധതിക്ക് 08.05.2013- ലെ സ.ഉ (എം.എസ്) നം. 15/2013/ഭവനം ഉത്തരവിലൂടെ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും (ഡി) യും | ഉച്ചവരുമാനക്കാർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും സർക്കാർ സബ്സിഡിയും ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭൂമി അനുവദിക്കുമ്പോൾ അതിൽ 400 ച. അടി വിസ്തീർണ്ണം വരുന്ന ഫ്ലാറ്റുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒരു ഫ്ലാറ്റിന്റെ നിർമ്മാണച്ചെലവായ 5 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 2 ലക്ഷം രൂപ പഞ്ചായത്തുകൾ വായ്പയായി സമാഹരിക്കുന്ന തുകയും 1 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഫ്ലാറ്റുകൾ പൂർത്തിയാകുന്ന മുറക്ക് ഗുണഭോക്താവിന് അലോട്ട് ചെയ്യുന്നതിനായി അതാത് പഞ്ചായത്തിനുതന്നെ കൈമാറുന്നതും ഗുണഭോക്താവ് വായ്പാ തിരിച്ചടവിനായി പഞ്ചായത്തുമായി കരാറിലേർപ്പെട്ട ശേഷം ഫ്ലാറ്റുകൾ സ്വന്തമാക്കാവുന്നതുമാണ്. |
| (സി) | പാവപ്പെട്ടവർക്ക് തദ്ദേശ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | | |
| (ഡി) | എന്തെല്ലാം ധനസഹായങ്ങളും സബ്സിഡികളുമാണ് ഉപഭോക്താക്കൾക്ക് പദ്ധതി വഴി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ